KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.45 /PR/PIC/PHQ/18 Date : 28 .02.2018

---

## കൊച്ചി മെട്രോ പോലീസ് സ്റ്റേഷൻ പുതിയ മന്ദിരത്തിൽ വൈകാതെ പ്രവർത്തനം ആരംഭിക്കും.

കൊച്ചി മെട്രോ പോലീസ് സ്റ്റേഷനായുള്ള പുതിയ മന്ദിരത്തിന്റെ നിർമ്മാണം ഏകദേശം പൂർത്തിയായ സാഹചര്യത്തിൽ മെട്രോ പോലീസ് സ്റ്റേഷൻ പുതിയ മന്ദിരത്തിൽ വൈകാതെ പ്രവർത്തനം ആരംഭിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ നിർദ്ദേശം നൽകി. ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥൻ സ്റ്റേഷൻ ഹൗസ് ഓഫീസറായ മെട്രോ പോലീസ് സ്റ്റേഷനിൽ കൊച്ചി സിറ്റി, എറണാകുളം റൂറൽ എന്നിവിടങ്ങളിൽ നിന്നുള്ള പോലീസ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുത്ത് നിയമിക്കും. ഇതേത്തുടർന്ന് കൊച്ചി സിറ്റിയിലും എറണാകുളം റൂറലിലും ഉണ്ടാകുന്ന ഒഴിവുകളിൽ ആംഡ് പോലീസ് ബറ്റാലിയനിൽ നിന്നും അർഹരായ ഉദ്യോഗസ്ഥരെ നിയമിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകി.

മെട്രോ പോലീസ് ഉദ്യോഗസ്ഥർക്ക് ട്രെയിൻ സുരക്ഷ സംബന്ധിച്ച പ്രത്യേക പരിശീലനവും സ്ഫോടകവസ്തുക്കൾ കണ്ടെത്തുന്നത് ഉൾപ്പെടെയുള്ള ആധുനിക പരിശീലനവും നൽകും. കൂടാതെ, ആശയവിനിമയം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പ്രത്യേക പരിശീലനവും നൽകും. മെട്രോ പോലീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന പോലീസ് മേധാവിയുടെ അനുമതിയില്ലാതെ മറ്റ് ക്രമസമാധാനചുമതലകൾ നൽകരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

***********